**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5946** **16-03-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ പണവും അധികാരവും ഉദ്യോഗസ്ഥരെയും നൽകും എന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന പദ്ധതി വിഹിതത്തിലും മെയിന്റനൻസ് ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട് എന്നിവയിലും ആനുപാതിക വർദ്ധനവ് വരുത്തിയിട്ടുണ്ട്. അതുവഴി കൂടുതൽ പണം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ളവയിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം നൽകിയിട്ടുണ്ട്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഉൾപ്പെടെ കൂടുതൽ തസ്തികകൾ കഴിഞ്ഞ രണ്ട് വർഷക്കാലത്തിനിടയിൽ അനുവദിച്ചിട്ടുണ്ട്. കൂടാതെ എല്ലാ പഞ്ചായത്തുകളിലും കരാർ അടിസ്ഥാനത്തിൽ പ്രോജക്ട് അസിസ്റ്റന്റുമാരെ പുതുതായി നിയമിക്കാൻ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എത്ര തവണ പദ്ധതി വിഹിതം വെട്ടിക്കുറച്ചുവെന്നും പദ്ധതി വിഹിതം വെട്ടിക്കുറച്ചത് വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി പ്രവർത്തനങ്ങളിൽ ഭേദഗതിയും റദ്ദാക്കലും നടത്തേണ്ട സാഹചര്യമുണ്ടായിട്ടുണ്ടോയെന്നും അറിയിക്കുമോ; | (ബി) | വിവരം ശേഖരിച്ചു നൽകുന്നതാണ് |
| (സി) | ഈ സർക്കാരിന്റെ കാലത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിച്ചിരുന്ന ഏതെങ്കിലും ചുമതലകൾ സർക്കാരോ മറ്റേതെങ്കിലും ഏജൻസിയോ ഏറ്റെടുക്കേണ്ടി വന്നിട്ടുണ്ടോയെന്നും ഇതിനായി കേരള പഞ്ചായത്ത് രാജ് ആക്ട് കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവ ഭേദഗതി ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (സി) | ഈ സർക്കാരിന്റ കാലത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിച്ചിരുന്ന ഏതെങ്കിലും ചുമതലകൾ സർക്കാരോ മറ്റേതെങ്കിലും ഏജൻസിയോ ഏറ്റെടുത്തിട്ടില്ല. |
| (ഡി) | ഈ സർക്കാരിന്റെ കാലത്ത് തദ്ദേശ ഭരണസ്ഥാപനങ്ങളിൽ പുതിയതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ വരുന്ന വിവിധ വിഭാഗങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ